**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **23-02-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 89 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2017 ൽ രൂപീകരിച്ച കേരളാ കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കാഷ്യൂ ബോർഡ് വഴി കശുവണ്ടി വികസന കോർപ്പറേഷന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 4870 മെട്രിക് ടൺ തോട്ടണ്ടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലി റ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പ വരുത്തിയിട്ടുണ്ട്. കശുവണ്ടി പ്രോസസ്സിംഗിൽ ഏർപ്പെട്ടിരിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രോസസ്സിംഗ് വിഭാഗ ത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ് ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക വിധത്തിൽ തൊഴിലാളികളെ |

എടുത്ത് പരമാവധി ഉൽപാദനക്ഷമത കൈവരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഷെല്ലിംഗ് വിഭാഗത്തിൽ കട്ടിംഗ് മെഷീനുകൾ കൂടി സ്ഥാപിച്ച് പാർഷ്യൽ മെക്കനൈസേഷനി ലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ചും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ നിന്ന് വിരമിച്ച 2509 തൊഴിലാളികൾക്ക് 2016 മുതൽ 2021 വരെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തു. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ സർക്കാർ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിലെ 704തൊഴിലാളി കൾക്ക് 2016 മുതൽ 2020 വരെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിന് 9.57 കോടി രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിയ്ക്കായി പ്രവർത്തന മൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 37.3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8000 മെട്രിക് ടൺ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിൽ 4870 മെട്രിക് ടൺ കശുവണ്ടി വികസന കോർപ്പറേഷനും 2834 മെട്രിക് ടൺ കാപ്പക്സിനും നൽകിയിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 816184 എണ്ണം കശുമാവ് തൈകൾ 3158.47 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി

എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30.12.2021ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. 1. 31.01.2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്. 2. 2 കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ ബാങ്കുമായി 2 മാസത്തിനകം കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. 4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്. 5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Paymentആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്. കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18.01.2022ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പക്സ്/കാഷ്യൂബോർഡ്/ കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പ് നൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്നതിനും തീരുമാനമെടുത്തു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായം പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യേകിച്ചും സമൂഹത്തിലെ സാമൂഹികവും സാമ്പത്തിക മായും താഴെക്കിടയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായതിനാൽ സർക്കാർ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത് തുടരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ